**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 782** **02-02-2023 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഗുരുവായൂർ മണ്ഡലത്തിൽ നിലവിലുള്ള സബ് രജിസ്ട്രാർ ഓഫീസുകളിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന കോട്ടപ്പടി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ഇരിങ്ങപ്പുറത്തുള്ള റവന്യൂ ഭൂമിയിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. അണ്ടത്തോട് സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയകെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനം 05/11/2022-ൽ നിർവ്വഹിച്ചിട്ടുള്ളതാണ്. പ്രസ്തുത കെട്ടിടത്തിന്റെ പ്ലിന്ത് ബീമുകളുടെ നിർമ്മാണം നടന്നുവരുന്നു. ചാവക്കാട് സബ് രജിസ്ട്രാർ ഓഫീസ് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ചാവക്കാട് സബ് രജിസ്ട്രാർ ഓഫീസിന്റെ നിലവിലെ കെട്ടിടം കാലപ്പഴക്കം മൂലം ശോച്യാവസ്ഥയിലായതിനാൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. ഓഫീസിന്റെ അറ്റകുറ്റപ്പണികൾക്കായി ചാവക്കാട് പൊതുമരാമത്ത് കെട്ടിടവിഭാഗം അസിസ്റ്റന്റ് എൻജിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (സി) | കോട്ടപ്പടി സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് ഇരിങ്ങപ്പുറത്തുള്ള റവന്യൂ ഭൂമിയിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം അറിയിക്കാമോ? | (സി) | കോട്ടപ്പടി സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് ഇരിങ്ങപ്പുറത്തുള്ള റവന്യൂ ഭൂമിയിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതിനായി ചാവക്കാട് തഹസിൽദാർക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ